**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **16-03-2022 - ൽ മറുപടിയ്ക്ക്**

**ടി.പി.ആർ. നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ടി.പി.ആർ. നിരക്ക് കോവിഡ് വ്യാപനത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനുള്ള ഏകകമാണോ; വ്യക്തമാക്കുമോ; | (എ) | ടി.പി.ആർ നിരക്ക് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് രോഗ നിർണ്ണയത്തിനായി പരിശോധന നടത്തുന്നവരിൽ എത്ര ശതമാനം പേർക്ക് രോഗം സ്ഥിരീകരിക്കുന്നു എന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ടി.പി.ആർ. നിരക്ക് ഒരു പ്രദേശത്തെ രോഗവ്യാപനം നിർണ്ണയിക്കുന്നതിനുള്ള അനേകം ഉപാധികളിൽ ഒന്നു മാത്രമാണ്. എന്നാൽ പ്രസ്തുത നിരക്ക് രണ്ട് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യത്യസ്തമാകാം. (1) ഒരു പ്രദേശത്തെ രോഗസാധ്യതയുള്ള എത്രപേർ ടെസ്റ്റ് ചെയ്യപ്പെടുന്നു എന്നത് (2) അതേ പ്രദേശത്തെ ടെസ്റ്റ് ചെയ്യാനുള്ള ഭൗതിക സാഹചര്യവും ടെസ്റ്റിന്വിധേയമാകാനുള്ള ആളുകളുടെ സന്നദ്ധതയും, എത്തിപ്പെടാനുള്ള സാഹചര്യവും (Availability, accessibility, affordability). ഓരോ പ്രദേശത്തും ഈ രണ്ട് ഘടകങ്ങളിൽ രണ്ടാമത്തെ ഘടകം സ്ഥായിയായി നിലനിൽക്കുകയാണെങ്കിൽ, ടി.പി.ആർ., ഒന്നാമത്തെ ഘടകത്തിനനുസരിച്ച് കൂടുകയോ, കുറയുകയോ, ചെയ്യാം. എന്നാൽ വിവിധ പ്രദേശങ്ങളിൽ രണ്ടാമത്തെ ഘടകം വ്യത്യസ്തമായതിനാൽ പ്രദേശങ്ങൾ തമ്മിൽ ടി.പി.ആർ.-നെ അടിസ്ഥാനപ്പെടുത്തി താരതമ്യം ചെയ്യുന്നത് ഉചിതമല്ല. |
| (ബി) | കോവിഡ് ടെസ്റ്റിന് വിധേയരാകുന്ന ആകെ ആളുകളിൽ എത്ര പേർക്കാണ് രോഗം സ്ഥിരീകരിക്കുന്നത് എന്നതാണോ ടി.പി.ആർ.നിരക്ക് കൊണ്ട് അർത്ഥമാക്കുന്നത്; | (ബി) | ടി.പി.ആർ നിരക്ക് എന്നാൽ കോവിഡ് ടെസ്റ്റിന് വിധേയരാകുന്ന ആളുകളിൽ എത്ര ശതമാനം ആളുകൾക്ക് രോഗം സ്ഥിരീകരിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. |
| (സി) | 30.1.2022 ൽ ഇന്ത്യയിലെ ടി.പി.ആർ. നിരക്ക് 14.5 ശതമാനം ആയിരുന്നപ്പോൾ കേരളത്തിൽ ടി.പി.ആർ. നിരക്ക് 49.89 ശതമാനമായിരുന്നുവെന്നത് കേരളത്തിലെ ഉയർന്ന | (സി) | കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10.01.2022 മുതൽ പർപ്പസ്സീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കിയത്. പർപ്പസ്സീവ് ടെസ്റ്റിംഗ് പ്രകാരം രോഗലക്ഷണങ്ങൾ ഉള്ളവരെ മാത്രമാണ് പരിശോധനയ്ക്ക് |

| | | | |
|---|---|---|---|
| | രോഗവ്യാപനത്തെ സൂചിപ്പിക്കുന്നതല്ലേ; വിശദാംശം നൽകുമോ; | | വിധേയരാക്കിയത്. 30.01.2022-ൽ പർപ്പസ്സിവ്ടെസ്റ്റിംഗിന്റെ ഭാഗമായി കേരളത്തിൽ ആകെ 1,03,366 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 51,570 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. അന്നത്തെ ടി.പി.ആർ. 49.89 ശതമാനം ആയിരുന്നു. എന്നാൽ കേരളത്തിലെ ടെസ്റ്റ് ചെയ്യുവാനുള്ള ഭൗതിക സാഹചര്യവും, ജനങ്ങളുടെ ടെസ്റ്റ് ചെയ്യുവാനുള്ള സന്നദ്ധതയും, മറ്റ് അനുബന്ധ ഘടകങ്ങളും ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ട്തന്നെ ടി.പി.ആർ. അടിസ്ഥാനമാക്കി രണ്ടു പ്രദേശങ്ങളിലേയോ രണ്ട് സംസ്ഥാനങ്ങളിലേയോ, ഇന്ത്യയിലേയോ, കേരളത്തിലേയുമോ രോഗവ്യാപനനിരക്ക് താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കില്ല.. |
| (ഡി) | ടി.പി.ആർ. നിരക്ക് രോഗബാധിതരും ആകെ ടെസ്റ്റ് നടത്തിയവരും തമ്മിലുള്ള അനുപാതത്തെ സൂചിപ്പിക്കുന്നതിനാൽ കേരളത്തിൽ Test-Trace - Treat സംവിധാനത്തിലൂടെ കൂടുതൽ പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കിയതിനാലാണ് രോഗവ്യാപന നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നത് എന്ന അവകാശവാദം ശരിയാണെന്നു കരുതുന്നുണ്ടോ ; അല്ലെങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | തീർച്ചയായും ശരിയാണ്. ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10.01.2022 മുതൽ കേരളത്തിൽ പർപ്പസ്സീവ് ടെസ്റ്റിംഗ് സ്ട്രാറ്റജിയാണ്നടപ്പിലാക്കിയത്. അതിനാൽ തന്നെ ടെസ്റ്റ് ചെയ്യുവരുടേയും, പോസിറ്റീവാകുന്നവരുടേയും എണ്ണം വളരെ കൂടുതലാകുകയും ടി.പി.ആർ. നിരക്ക് കൂടുകയും ചെയ്തിരുന്നു. എന്നാൽ ഇതുവഴി രോഗമുള്ളവരെ വളരെ നേരത്തേ കണ്ടെത്തി അവർക്ക് കൃത്യമായ ചികിത്സ നൽകുവാനും, മരണവും, മറ്റു സങ്കീർണ്ണതകളും ഒരു പരിധിവരെ ഒഴിവാക്കുവാനും സാധിച്ചിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കോവിഡിന്റെ മൂന്ന് ഘട്ടങ്ങളിലും കേരളത്തിലെ 14 ജില്ലകളിലും കൃത്യമായ ആരോഗ്യ, ഭൗതിക സാഹചര്യം യഥാസമയം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ, രോഗികളുടെയെണ്ണത്തിൽ വർദ്ധനവുണ്ടായപ്പോഴും കേരളത്തിന്റെ ആരോഗ്യ സംവിധാനം ഒരു ഘട്ടത്തിലും സമ്മർദ്ദത്തിലായിട്ടില്ല എന്നത് ഏവർക്കും അറിയുന്ന യാഥാർത്ഥ്യമാണ്. |

സെക്ഷൻ ഓഫീസർ